(*c*) whether Government received any application from the Vanchinad Match Factory, Mudikkal, Perumbavoor for allotment of timber at concessional rates; if so, what action has been taken?

Home Minister (**Shri A. J. John**): (*a*) Government have adopted a policy to give timber to the deserving industrial concerns at reasonable rates according to availability.

(*b*) Yes.

(*c*) Government sanctioned supply of 1,000 tons of soft wood to the Vanchinad Match Factory, Perumbavoor.

പുറംപോക്ക് വസ്തു ഒഴിപ്പിക്കൽ.

* 636. [47] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പുറംപോക്കുകളിൽനിന്നും, വനംപുറംപോക്കുകളിൽനിന്നും കയ്യേറി കൃഷിചെയ്യുന്നവരെ ഒഴിപ്പിക്കാൻ ഗവണ്മെൻറ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു് വൻകിടകൃഷിക്കാരേയും, ചെറുകിട കൃഷിക്കാരെയും ഒരുപോലെ ബാധിക്കുമോ;

(സി) അങ്ങനെ ഈ കഴിഞ്ഞ സാമ്പത്തികവർത്തിയിൽ എത്ര കൃഷിക്കാരെ ഒഴിപ്പിച്ചിട്ടുണ്ടു്;

(ഡി) തൃശ്ശൂർ താലൂക്കിലെ പാണാഞ്ചേരി വില്ലേജിൽ വല്ലതും ഒഴിപ്പിക്കപ്പെട്ടവർ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരെല്ലാം; എവിടെയെല്ലാം?

ആഭ്യന്തരകായ്യ്മന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) ഒരുപോലെ ബാധിക്കും.

(സി) ഈ സാമ്പത്തികവർഷത്തിൽ 2089 പേരെ ഒഴിപ്പിച്ചിട്ടുണ്ടു്.

(ഡി) ഉണ്ടു്.

(ഇ) അഞ്ചുപേർ. അവർ:—

1. പുല്ലിക്കോട്ടിൽ ദേവസി ലോനപ്പൻ, പാണാഞ്ചേരി.
2. എളുക്കുത്തിൽ മത്തായി, പാണാഞ്ചേരി.
3. പുന്നാ വക്കിചാണ്ടി, പാണാഞ്ചേരി.
4. കാരാട്ടുവളപ്പിൽ ഗോവിന്ദൻ എഴുത്താശാൻ, പാണാഞ്ചേരി,
5. കാരാട്ടുവളപ്പിൽ കുഞ്ഞൻ എഴുത്താശാൻ, പാണാഞ്ചേരി.

LIBRARY ARCHIVES Kerala Legislative Assembly